REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ലോകത്തെ അഞ്ചാമത് സാമ്പത്തിക ശക്തിയായി ഇന്ത്യ മാറിക്കഴിഞ്ഞെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്കുര്യൻ.**
- **ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം.**
- **എല്ലാ ജില്ലകളിലും സ്ട്രോക് സെന്ററുകൾ യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി വീണാ ജോർജ്.**
- **സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളിലെ ഒന്നാം വർഷ B-TECH ഇൻഡക്ഷൻ പരിപാടി നാളെ ആരംഭിക്കും.**
- **പാരീസ് പാരാലിമ്പിക്സിന് ഇന്ന് സമാപനം.**

## വാർത്തകൾ വിശദമായി

ലോകത്തെ അഞ്ചാമത് സാമ്പത്തിക ശക്തിയായി ഇന്ത്യ മാറിക്കഴിഞ്ഞെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്കുര്യൻ പറഞ്ഞു. 2047 ൽ ഇന്ത്യ വികസിത ഭാരത് ലക്ഷ്യം കൈവരിക്കുമെന്നും അതിൽ വിദ്യാർത്ഥിസമൂഹത്തിന് വലിയ പങ്ക് വഹിക്കാനുണ്ടെന്നും അദ്ദേഹം കോഴിക്കോട് NIT യിൽ പറഞ്ഞു. 20-ാമത് ബിരുദദാനചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ജീവിതത്തിലെ ഓരോ നിമിഷവും വിദ്യാർത്ഥികൾ രാജ്യത്തിന്റെ വളർച്ചക്ക് സംഭാവന നൽകണം. ഇന്ത്യയെ നയിക്കാനും ജനങ്ങളുടെ വരുമാനം വർധിപ്പിക്കാനും യുവതക്ക് സാധിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. വികസന സൂചികയിൽ മികച്ച നേട്ടം കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

NIT യുടെ ചരിത്രത്തിലെ ഏറ്റവും വലിയ ബിരുദദാന ചടങ്ങിൽ 1979 വിദ്യാർഥികൾ ബിരുദം ഏറ്റുവാങ്ങി.

✪✪✪

സംസ്ഥാനത്തെ BJP അംഗങ്ങളുടെ എണ്ണത്തിൽ ഇത്തവണ വൻ വർദ്ധനയുണ്ടാവുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. പാലക്കാട്ട് അംഗത്വ ക്യാമ്പയിനിന്റെ ഭാഗമായി പാർട്ടിയിൽ ചേർന്നവരുമായി സംസാരിക്കുകയായിരുന്നു മന്ത്രി.

വരുംതലമുറ വികസിത രാഷ്ട്രത്തിൽ ജിവിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റിന്റെ പ്രവർത്തനമെന്നും അത് പുതുതായി പാർട്ടിയിൽ ചേരുന്നവർ ഉൾക്കൊള്ളണമെന്നും കോഴിക്കോട്ട് മെമ്പർഷിപ്പ് കാംപയ്ന്റെ ഭാഗമായി ഒരുക്കിയ സ്വീകരണ ചടങ്ങിൽ കേന്ദ്ര സഹമന്ത്രി പറഞ്ഞു.

✪✪✪

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ ഔദ്യോഗിക ഇന്ത്യാ സന്ദർശനം ഇന്നാരംഭിക്കും. സന്ദർശനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. UAE ഇന്ത്യാ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്നാണ് വിലയിരുത്തൽ.

✪✪✪

ഇന്ന് അന്താരാഷ്ട്ര സാക്ഷരതാ ദിനം. “പരസ്പര ധാരണയ്ക്കും സമാധാനത്തിനും സാക്ഷരത” എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം.1965 ൽ ടെഹ്റാനിൽ ചേർന്ന യുനെസ്കൊ അംഗരാജ്യങ്ങളിലെ വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനമാണ് ലോകത്ത് നിരക്ഷരതാനിർമാർജ്ജനയജ്ഞത്തിന് ആഹ്വാനം നൽകിയത്. നിരക്ഷരർക്ക് വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

എല്ലാ ജില്ലകളിലും സ്ട്രോക് സെന്ററുകൾ യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി വീണാജോർജ് അറിയിച്ചു. മെഡിക്കൽ കോളേജുകൾക്ക് പുറമെ 12 ജില്ലകളിൽ ആരോഗ്യവകുപ്പിന്റെ സ്ട്രോക് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വയനാട്, മലപ്പുറം ജില്ലകളിലാണ് സെന്ററുകൾ ഇല്ലാത്തതെന്ന് മന്ത്രി പത്തനംതിട്ടയിൽ പറഞ്ഞു. രാജ്യത്ത് ആദ്യമായി നടപ്പിലാക്കുന്ന മിഷൻ സ്ട്രോക് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്ന് അവർ. അടുത്ത

ഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

തദ്ദേശ അദാലത്തുകളിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതോടെ തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ വലിയ കുറവുണ്ടാവുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ഇപ്പോഴത്തെ പരാതിപരിഹാര സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിലെ ആദ്യ വയഡക്ടിനു വേണ്ടി നിർമ്മിക്കുന്ന വർക്കിംഗ് പൈലിന്റെ സ്വിച്ച് ഓൺ കർമ്മം കൊച്ചി സ്പെഷ്യൽ എക്കണോമിക് സോൺ സ്റ്റേഷന് സമീപം നടന്നു. മന്ത്രി P രാജീവ്, ഹൈബി ഈഡൻ MP തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പിങ്ക് ലൈൻ എന്ന പേരിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുന്ന പദ്ധതി കൊച്ചി ഇൻഫോപാർക്കിലും സമീപ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് വളരെയേറെ പ്രയോജനപ്പെടുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു.

1,927 കോടി രൂപ ചെലവിൽ 11.2 കിലോമീറ്റർ പാത രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും മന്ത്രി അറിയിച്ചു.

✪✪✪

ശമ്പള പരിഷ്ക്കരണവും ബോണസുമുൾപ്പെടെ ആവശ്യങ്ങൾ ഉന്നയിച്ച് തിരുവനന്തപുരം വിമാനത്താവളത്തിൽ ഒരു വിഭാഗം ഗ്രൗണ്ട് ഹാന്റ്ലിംഗ് ജീവനക്കാർ പണി മുടക്ക് തുടങ്ങി. എയർ ഇന്ത്യാ സാറ്റ്സിന്റെ 400 ലേറെ കരാർ തൊഴിലാളികളാണ് പണി മുടക്കുന്നത്.

✪✪✪

കാസർകോട് ജില്ലയിൽ H1-N1 രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദേശം നൽകി. വായുവിലൂടെ പകരുന്ന രോഗമായതിനാൽ പൊതു ഇടങ്ങളിൽ മാസ്ക് ധരിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾ ഉണ്ടായാൽ കൃത്യമായി ശ്രദ്ധിക്കുകയും ശാസ്ത്രീയ ചികിത്സ സ്വീകരിക്കേണ്ടതുമാണ്.

✪✪✪

സംസ്ഥാനത്തെ 142 എഞ്ചിനിയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിച്ച ഒന്നാം വർഷ B-TECH വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ പരിപാടി നാളെ മുതൽ അഞ്ച് ദിവസങ്ങളിലായി പൂർത്തിയാക്കുമെന്ന് സാങ്കേതിക സർവകലാശാല അറിയിച്ചു. പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ചൊവ്വാഴ്ച തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിൽ മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും.

✪✪✪

പാരീസ് പാരാലിമ്പിക്സ് ഇന്ന് സമാപിക്കും. സമാപന ചടങ്ങിൽ ഇന്ത്യയ്ക്കു വേണ്ടി ഇരട്ട സ്വർണം നേടിയ പ്രീതിപാലും, അമ്പെയ്ത്ത് സ്വർണ്ണ ജേതാവ് ഹർവീന്ദർ സിംഗും പതാകയേന്തും.

പാരാലിമ്പിക്സിന്റെ പത്താം ദിനം ഇന്ത്യ രണ്ട് മെഡലുകൾ സ്വന്തമാക്കി. 7 സ്വർണ്ണവും 9 വെള്ളിയും 13 വെങ്കലവുമടക്കം 29 മെഡലുകളോടെ ഇന്ത്യ, മെഡൽ പട്ടികയിൽ 16-ാം സ്ഥാനത്തേക്ക് ഉയർന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ..

......(വോയ്സ്).....

✪✪✪

വോയ്സ് ......പാരാലിമ്പിക്സ്

പുരുഷന്മാരുടെ ജാവ്-ലിൻ ത്രോ F 41 ഇനത്തിൽ ഇന്നലെ ഇന്ത്യയുടെ നവദീപ് സിംഗ് സ്വർണ്ണം നേടി. വനിതകളുടെ 200 മീറ്റർ T-12 ട്രാക്ക് ഇനത്തിൽ സ്പ്രിന്റർ സിമ്രാൻ ശർമ വെങ്കലവും കരസ്ഥമാക്കി.

മെഡൽ ജേതാക്കളെ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ അഭിനന്ദിച്ചു.

സിമ്രാൻ ശർമയുടെ നേട്ടം വളർന്നുവരുന്ന കായികതാരങ്ങൾക്ക്, പ്രത്യേകിച്ച് പെൺകുട്ടികൾക്ക് പ്രചോദനമാകുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

സിമ്രാൻ ശർമ്മയുടെ കഠിനാധ്വാനവും പ്രതിബദ്ധതയും നിശ്ചയദാർഢ്യവുമാണ് അവരെ ഈ നേട്ടത്തിലെത്തിച്ചതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു.

സിമ്രാൻ ശർമ്മയുടെ വിജയം നിരവധി പേർക്ക് പ്രചോദനമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

✪✪✪

US ഓപ്പൺ ടെന്നീസ് വനിതാകിരീടം ബെലാറസിന്റെ അറീന സെബലങ്കക്ക്. അമേരിക്കയുടെ ജസീക്ക പെഗുലയെ നേരിട്ട രണ്ട് സെറ്റുകൾക്ക് തോൽപ്പിച്ചാണ് അറീന ആദ്യ US ഓപ്പൺ കിരീടം നേടുന്നത്.

നേരത്തെ ഓസ്ട്രേലിയയുടെ മാക്സ് പർസലും ജോർഡാൻ തോംസണും പുരുഷ ഡബിൾസ് കിരീടം സ്വന്തമാക്കിയിരുന്നു. പുരുഷ സിംഗിൾസിൽ ഇന്ന് രാത്രി ടെയ്ലർ ഫ്രിറ്റ്സും ജാനിക് സിനറും ഫൈനലിൽ ഏറ്റുമുട്ടും.

✪✪✪

കേരളത്തിലെ ആദ്യ പ്രഫഷനൽ ഫുട്ബോൾ ലീഗായ സൂപ്പർ ലീഗ് കേരള, ആദ്യ സീസണിലെ ഉദ്ഘാടന മത്സരത്തിൽ മലപ്പുറം FC ക്ക് ജയം. ഫോഴ്സാ കൊച്ചിയെ എതിരില്ലാത്ത രണ്ട് ഗോളിനാണ് മലപ്പുറം തകർത്തത്. കൊച്ചി ജവാഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിലായിരുന്നു മത്സരം.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ കൊച്ചി ബ്ലൂ ടൈഗേഴ്സും കാലിക്കറ്റ് ഗ്ലോബ് സ്റ്റാറും വിജയിച്ചു. ആദ്യ മത്സരത്തിൽ ഏരീസ് കൊല്ലം സെയ്ലേഴ്സിനെയാണ് കൊച്ചി തോൽപ്പിച്ചത്. രണ്ടാം മത്സരത്തിൽ തൃശൂർ ടൈറ്റൻസിനെയാണ് കാലിക്കറ്റ് തോൽപ്പിച്ചത്.

✪✪✪

സ്വദേശി ദർശൻ പദ്ധതിയിൽ ബേപ്പൂർ ടൂറിസം ലോഗോ മന്ത്രി PA മുഹമ്മദ് റിയാസ് പ്രകാശനം ചെയ്തു. കോഴിക്കോടിന്റെ വാണിജ്യ പാരമ്പര്യം പ്രകടമാക്കുന്ന ഉരുവും നാവിക ചരിത്രം പറയുന്ന ലൈറ്റ് ഹൗസും ഉൾപ്പെടുത്തിയാണ് ലോഗോ തയ്യാറാക്കിയത്. ഗേറ്റ് വേ ടു മലബാർ എന്നതാണ് ലോഗോയിലെ ടാഗ് ലൈൻ.

സുസ്ഥിര വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റ് ആവിഷ്കരിതച്ച പദ്ധതിയാണ് സ്വദേശി ദർശൻ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 34 പ്രദേശങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിലെ സീറോ വെയ്സ്റ്റ് മാലിന്യസംസ്ക്കരണ പദ്ധതി താളം തെറ്റിയെന്ന പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. വിഷയത്തിൽ മെഡിക്കൽ കോളേജ് സൂപ്രണ്ട് 15 ദിവസത്തികം റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K ബൈജുനാഥ് ആവശ്യപ്പെട്ടു.

മെഡിക്കൽ കോളേജിലെ രണ്ട് ഇൻസിനറേറ്ററുകളും പ്രവർത്തിക്കുന്നില്ലെന്നാണ് പ്രധാന പരാതി. പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ കേസെടുത്തത്. ഈ മാസം 27ന് കോഴിക്കോട്ടെ സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

✪✪✪

നൈപുണ്യ വികസനം നേടിയവർക്ക് ജർമ്മനിയുൾപ്പെടെ യൂറോപ്യൻ രാജ്യങ്ങളിൽ നിരവധി തൊഴിൽ അവസരങ്ങളുണ്ടെന്ന് കണ്ണൂരിൽ സംസ്ഥാന നൈപുണ്യ വികസന മിഷനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും ചേർന്ന് സംഘടിപ്പിച്ച ഉച്ചകോടി വിലയിരുത്തി.

വിദേശത്ത് അവസരങ്ങൾ വർദ്ധിക്കുമ്പോൾ വിദ്യാർഥികൾ അതിന് അനുസരിച്ച രീതിയിൽ നൈപുണ്യ വികസനം നേടണം. ഉച്ചകോടി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട്ടെ പാവങ്ങാട് - കുറ്റ്യാടി റോഡ് നവീകരണത്തിന് 90 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. കിഫ്ബി ഏറ്റെടുത്ത പദ്ധതിക്ക് ആദ്യ ഘട്ടത്തിൽ തന്നെ 10 കോടി അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട്ട് കൺസ്യൂമർ ഫെഡിന്റെയും സഹകരണ വകുപ്പിന്റെയും ഓണം വിപണി 2024 ജില്ലാതല ഉദ്ഘാടനവും ആദ്യ വിൽപനയും അത്തോളി സർവീസ് സഹകരണ ബാങ്കിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ഉൾപ്പടെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പുണ്ട്.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിൽ ഇന്ന് 354 വിവാഹങ്ങൾ നടത്തും. ഒറ്റദിവസം ഇത്രയും വിവാഹങ്ങൾ നടക്കുന്നത് ഇത് ആദ്യമായാണ്. തിരക്ക് മുൻനിർത്തി ദർശനത്തിനും വിവാഹത്തിനും ഇന്ന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഗുരുവായൂർ ദേവസ്വം ബോർഡ് അറിയിച്ചു. നിലവിലെ നാല് മണ്ഡപങ്ങൾക്ക് പുറമെ രണ്ടിടത്ത് കൂടി വിവാഹ ചടങ്ങിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം നഗരത്തിലെ തടസ്സപ്പെട്ട ജലവിതരണം ഇന്ന് പുനഃസ്ഥാപിക്കും. തിരുവനന്തപുരം - കന്യാകുമാരി റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായാണ് ജല വിതരണം നിർത്തിവെച്ചത്. കുടിവെള്ളവിതരണം പൂർണമായി പുനഃസ്ഥാപിക്കുന്നത് വരെ ടാങ്കറുകളിൽ വെള്ളം വിതരണം ചെയ്യും.

✪✪✪

കോഴിക്കോട്ട് നിന്ന് കഴിഞ്ഞ വർഷം കാണാതായ റിയൽ എസ്റ്റേറ്റ് വ്യാപാരി മുഹമ്മദ് ആട്ടൂർ എന്ന മാമിയെ കാണാതായ സംഭവം അന്വേഷിക്കാൻ ക്രൈംബ്രാഞ്ച് പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു. കോഴിക്കോട് റേഞ്ച് IG P.പ്രകാശിന്റെ മേൽ നോട്ടത്തിലാണ് സംഘം പ്രവർത്തിക്കുന്നത്.

✪✪✪